പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -69225003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gov.in, വെബ്സൈറ്റ് -www.bcdd.kerala.gov.in

**BCDIR/328/2021-B3** തീയതി :25/08/2021

ഭരണഭാഷ - മാതൃഭാഷ

**ആട്ടോമൊബൈൽ മേഖലയിലെ തൊഴിൽ പരിശീലന പദ്ധതി 2021-22**

**വിജ്ഞാപനം**

ആട്ടോമൊബൈൽ മേഖലയിൽ ഐ.ടി.ഐ/ഡിപ്ലോമ/ബിരുദം നേടിയ, സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങളിൽ ഉൾപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വാഹന നിർമ്മാണ വിപണന സർവ്വീസ് രംഗത്ത് പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പു വരുത്തുന്നതിനുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന 'കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ' എന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിക്കുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലാണ് പരിശീലനം നടത്തുന്നത്. പരമാവധി പരിശീലന കാലയളവ് 10 മാസമായിരിക്കും. ഒരു പരിശീലനാർത്ഥിക്ക് സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീ എന്നീ ഇനങ്ങളിലായി പ്രതിമാസം പരമാവധി 8000/- രൂപ അനുവദിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി - 25.09.2021

**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. അപേക്ഷകൻ കേരളീയനായിരിക്കണം.
2. അപേക്ഷകർ സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ടവരായിരിക്കണം.
3. ആട്ടോമൊബൈൽ മേഖലയിൽ ഐ.ടി.ഐ/ ഡിപ്ലോമ/ ബിരുദം യോഗ്യത നേടിയവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.
4. കുടുംബ വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയാണ്.
5. അപേക്ഷകന്റെ പ്രായം 01.09.2021 അടിസ്ഥാനമാക്കി 40 വയസ്സിൽ അധികരിക്കരുത്.
6. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ വകുപ്പുമായും, പരിശീലനം നൽകുന്ന സ്ഥാപനവുമായും നിശ്ചിത മാതൃകയിൽ കരാർ ഒപ്പിടേണ്ടതും അതിലെ നിബന്ധനകൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.
7. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സ്ഥാപനത്തിന്റെ നിയന്ത്രണങ്ങൾക്കും

പെരുമാറ്റ ചട്ടത്തിനും വിധേയമായി പ്രവർത്തിക്കേണ്ടതാണ്.

8. അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതും ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.
9. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ, പരിശീലന സ്ഥാപനം/വാഹന നിർമ്മാതാക്കൾ/ഷോറൂം/സർവ്വീസ് സെന്റർ എന്നിവിടങ്ങളിലെ പ്രതിനിധി എന്നിവരടങ്ങിയ സമിതി ആയിരിക്കും പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

<u>അപേക്ഷകൾ അയക്കേണ്ട മേൽവിലാസം ചുവടെ ചേർക്കുന്നു.</u>

| ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ പരിശീലനം നടത്തുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട മേൽവിലാസം. | തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിൽ പരിശീലനം നടത്തുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട മേൽവിലാസം. |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br>**സിവിൽ സ്റ്റേഷൻ – രണ്ടാം നില**<br>**കാക്കനാട്, എറണാകുളം – 682030**<br>**ഫോൺ : 0484 2429130** | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br>**കെ.ടി.വി ടവേഴ്സ് – ഒന്നാം നില**<br>**മുക്കോണത്ത് പറമ്പ്**<br>**യാക്കര റെയിൽവേ ഗേറ്റിന് സമീപം**<br>**പാലക്കാട് – 678001** |

ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്

ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്

<u>പകർപ്പ്</u>

ഗവ. സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ – കൊല്ലം,എറണാകുളം,കോഴിക്കോട്,പാലക്കാട്

ഐ.ടി ഡിവിഷൻ കോർഡിനേറ്റർ, പി.വി.വി.വ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)